അതിനാവശ്യമായ നടപടികൾ ചെയ്യത്തക്ക രീതിയിൽ സബ് രജിസ്ട്രാർ ആഫീസുമായി ബന്ധപ്പെടുത്തി പോക്കുവരവിന്റെ വിവരങ്ങൾ രേഖപ്പെടുത്തത്തക്ക നിലയിൽ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചതേയുള്ളൂ. അതിലെ ഒരുപാട് സാദ്ധ്യതകൾ നമുക്ക് യഥാർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കും. ഈ നടപടികളൊക്കെ പൂർണ്ണമാകുന്നതോടുകൂടി ഇതുവരെ തുടർന്നുവന്ന ഈ നടപടികളിലെ വൈകല്യങ്ങളും ന്യൂനതകളുമൊക്കെ പരിഹരിച്ചുകൊണ്ട് ജനങ്ങൾക്ക് പരമാവധി ഇത് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും എന്നുതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ സ്വാഭാവികമായും ഞങ്ങൾ പരിശോധിക്കുന്നതാണ്, പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, വില്ലേജുകളിലെ ജോലിഭാരം കുറയ്ക്കാൻ ഫലപ്രദമായിട്ട് സാധിക്കുന്ന ഒന്നാണല്ലോ അങ്ങയുടെതന്നെ ബുദ്ധിയിൽ ഉദിച്ച് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് കാണുന്ന റവന്യൂ കാർഡ് സമ്പ്രദായം അത് എല്ലാ വില്ലേജുകളിലും പൂർണ്ണമായി നടപ്പിലാക്കാൻ, ബഹുമാനപ്പെട്ട മന്ത്രി തന്നെ ചൂണ്ടിക്കാണിച്ചതുപോലെ കമ്പ്യൂട്ടർവൽക്കരണം വില്ലേജുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമ്പോൾ റവന്യൂ കാർഡ് ഉൾപ്പെടെ ഇതിനകത്ത് ഉൾപ്പെടുത്തി ആവശ്യമായ രീതിയിൽ ജോലിഭാരം കുറയ്ക്കാൻ സാധിക്കുന്ന സംവിധാനം ശാസ്ത്രീയമായി ഉപയോഗിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : റവന്യൂ കാർഡിന്റെ വിതരണത്തിന് ആവശ്യമായ നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലകളിൽനിന്നുമായി 55 ലക്ഷത്തിലേറെ അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ആ അപേക്ഷകൾ പ്രോസസ്സ് ചെയ്തു കൊണ്ടിരിക്കുകയാണ്. കുറേ പ്രദേശങ്ങളിൽ കൊടുത്തു തുടങ്ങിയിട്ടുണ്ട്. പറവൂർ താലൂക്കിലാണ് പൂർണ്ണമായും ഇത് നടപ്പിലാക്കാൻ ആദ്യം ശ്രമിച്ചിട്ടുള്ളത്. അത് വരുന്നതോടുകൂടി തീർച്ചയായും ജനങ്ങൾക്ക് അത് വലിയൊരാശ്വാസമാകും. ഈ പ്രശ്നങ്ങളൊക്കെ പരസ്പരം റവന്യൂ കാർഡുമായി ബന്ധപ്പെടുത്താൻ കഴിയും. പ്രായോഗികമായി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു നടപടി എന്നുള്ള നിലയിൽ അത് നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ (265) & (284)

മത്സ്യസമ്പത്ത് കണ്ടെത്തുവാൻ സംവിധാനം

3 (* 265) ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉപഗ്രഹസഹായത്തോടെ മത്സ്യസമ്പത്ത് കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഹൈദരാബാദിലെ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മത്സ്യക്കൂട്ടങ്ങളുടെ ഉറവിടം, അവയുടെ ചലനങ്ങൾ ഏത് ദിശയിലേയ്ക്കാണ്, എത്ര ദിവസംവരെ ഉദ്ദേശിക്കുന്ന സ്ഥലത്ത് മത്സ്യസമ്പത്ത് ലഭ്യമാക്കും തുടങ്ങിയ വിവരങ്ങൾ വിശദമായ മാപ്പിന്റെ രൂപത്തിൽ ശേഖരിച്ച് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത വിവരങ്ങൾ ഡീ കോഡ് ചെയ്ത് മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലാകത്തക്ക രീതിയിൽ, ഫിഷറീസ് വകുപ്പിൽ ഇപ്പോൾ ഏർപ്പെടുത്തി വരുന്ന വയർലസ് സംവിധാനം വഴി മത്സ്യഭവനുകളിൽ എത്തിക്കുവാൻ കഴിയും. വയർലസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഉപഗ്രഹ സഹായത്തോടെ മത്സ്യസമ്പത്ത് കണ്ടെത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ആഴക്കടൽ മത്സ്യസമ്പത്ത്

4 (*284) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരത്തിനടുത്തുള്ള ആഴക്കടലിലെ മത്സ്യ സമ്പത്ത് കണ്ടുപിടിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ഇപ്പോഴുള്ള സംവിധാനം വികസിപ്പിക്കാനും നവീകരിക്കാനും പദ്ധതിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിലേക്കുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) കേരള തീരത്തിന്റെ തൊട്ടടുത്ത ആഴക്കടലിൽ നിന്ന് വിദൂര രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികൾ നവീന മത്സ്യബന്ധന ബോട്ടുകളുമായി വന്ന് മത്സ്യം പിടിച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി : (ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ,

(എ) ഹൈദരാബാദിലെ റിമോട്ട് സെൻസിംഗ് ഏജൻസി വഴി ലഭിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ് ആഴക്കടൽ മത്സ്യ സമ്പത്ത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നത്.

(ബി&സി) ആഴക്കടൽ മത്സ്യബന്ധനം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപെടുന്ന കാര്യമാകയാൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly